# Indian nationals on board Diamond Princess cruise ship off Japan coast brought back in a special flight

February 27, 2020

---

## ഡയമണ്ട് പ്രിൻസസ്സ് നാവിക കപ്പലിൽ ജപ്പാൻ തീരത്ത് എത്തിയ ഇന്ത്യക്കാരെ പ്രത്യേക വിമാനത്തിൽ തിരികെ കൊണ്ടുവന്നു.

**27 ഫെബ്രുവരി, 2020**

1. ജപ്പാനിലെ യോക്കോഹാമയിൽ ഇറങ്ങിയ ഡയമണ്ട് പ്രിൻസസ് നാവികക്കപ്പലിൽ എത്തിയ 119 ഇന്ത്യക്കാരെ (113 ക്രൂ അംഗങ്ങളും 6 യാത്രികരും) 2020 ഫെബ്രുവരി 27 ന് ടോക്കിയോയിൽ നിന്നും ന്യൂ ഡൽഹിയിൽ എത്തിയ പ്രത്യേക എയർ ഇന്ത്യ വിമാനത്തിൽ തിരികെ എത്തിച്ചു . ഇന്ത്യയുടെ അയൽ മുൻഗണന നയം, ഇൻഡോ -പസഫിക് ദർശനം എന്നിവയെ അടിസ്ഥാനമാക്കി പ്രത്യേക വിമാനത്തിൽ 2 ശ്രീലങ്കക്കാരും 1 നേപ്പാൾക്കാരനും 1 ദക്ഷിണാഫ്രിക്കക്കാരനും 1 പെറുരാജ്യക്കാരനും ഉൾപ്പടെ 5 വിദേശീയരെക്കൂടി തിരികെ കൊണ്ടുവന്നു. രക്ഷപ്പെടുത്തിയ എല്ലാവരും തന്നെ ഹരിയാനയിലെ മാനേശ്വറിൽ ഉള്ള ഇന്ത്യൻ സേനയുടെ ക്വാറന്റൈൻ സൗകര്യങ്ങളിൽ 14 ദിവസത്തേയ്ക്ക് ക്വാറന്റൈൻ ആയിരിക്കും.

2. 3 ഇന്ത്യൻ ക്രൂ അംഗങ്ങൾ പ്രത്യേക വിമാനത്തിൽ വരൻ തയാറായില്ല. അവർ നാവിക കപ്പലിൽ തന്നെ ജപ്പാൻ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ള ക്വാറന്റൈൻ കാലാവധി പൂർത്തിയാക്കി അവിടെത്തന്നെ തുടരാനാണ് ആഗ്രഹം എന്നറിയിച്ചു.

3. ഡയമണ്ട് പ്രിൻസസിൽ ഉണ്ടായിരുന്ന 138 ഇന്ത്യൻ പൗരന്മാരിൽ, 16 ഇന്ത്യൻ ക്രൂ അംഗങ്ങൾക്ക് കോറോണവൈറസ്-2019 (കോവിഡ്-19) പരിശോധനാഫലം പോസിറ്റീവ് ആയതിനെ തുടർന്ന് ജപ്പാനിലെ തീരദേശ ചികിത്സ സൗകര്യങ്ങളിൽ നിന്ന് ആവശ്യമായ വൈദ്യ പരിചരണവും ചികിത്സയും നൽകിവരുകയാണ്. ടോക്കിയോയിൽ ഇന്ത്യൻ എംബസ്സി ഈ വ്യക്തികളുമായി സമ്പർക്കം പുലർത്തുകയും രോഗാവസ്ഥകളെക്കുറിച്ച് തുടർച്ചയായി അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്.

4. കപ്പലിൽ നിന്നും കരയ്ക്കിറങ്ങിയ ഒരാൾക്ക് COVID -19 പോസിറ്റീവ് ആണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കപ്പലിന് 2020 ഫെബ്രുവരി 5 മുതൽ 2020 ഫെബ്രുവരി 19 വരെ 14 ദിവസത്തേയ്ക്ക് ജപ്പാൻ സർക്കാർ വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്.ആദ്യം ഏർപ്പെടുത്തിയ 14 ദിന ക്വാറന്റൈൻ കാലാവധിയിൽ ക്രൂ അംഗങ്ങൾ തങ്ങളുടെ സാധാരണ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട് എന്ന് നിരീക്ഷിച്ച ജപ്പാൻ സർക്കാർ കാലാവധി ദീർഘിപ്പിക്കുകയായിരുന്നു.

**ന്യൂ ഡൽഹി**
**27 ഫെബ്രുവരി , 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.